**Website: www.kwa.kerala.gov.in**
**Mobile/ Whatsapp: +919495998258**

**Tel. 0471-2738300**
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. **KWA-JB/8094/2025-F4(Funds)**

തീയതി: 19-11-2025

## സർക്കുലർ

വിഷയം: കെ.ഡബ്ല്യൂ.എ - ഫൈനാൻസ് - കേരള സംസ്ഥാന ഇൻഷ്വറൻസ് ജീവൻ രക്ഷാ പദ്ധതി (ജി.പി.എ.ഐ.എസ്) - 2026 വർഷത്തേയ്ക്കുള്ള പദ്ധതി പുതുക്കൽ സംബന്ധിച്ച്

സൂചന : 1. സ. ഉ. (അച്ചടി) നം 143/2025/ധന, തീയതി 10.11.2025
2.സംസ്ഥാന നികുതി കമ്മീഷണറുടെ 05.02.2025 ലെ SGST/674/2025- PLC11 എന്ന നമ്പർ കത്ത് .

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ 2026 വർഷത്തേയ്ക്കുള്ള പ്രീമിയം, ജീവനക്കാരുടെ 2025 നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും 1000 രൂപ നിരക്കിൽ ഡ്രോയിങ് & ഡിസ്ബേഴ്സിംഗ് ഓഫീസർ കിഴിവ് നടത്തി 2025 ഡിസംബർ 31 നകം 8011-00-105-89 Group Personal Accident Insurance Scheme എന്ന ശീർഷകത്തിൽ ട്രെഷറിയിൽ ഒടുക്കേണ്ടതാണ് എന്ന് സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കെ.ഡബ്ല്യൂ.എ ജീവനക്കാരുടെ ജി.പി.എ.ഐ.എസ് പ്രീമിയം പിരിക്കുന്നതിനും ജീവനക്കാർക്ക് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും കേരള വാട്ടർ അതോറിറ്റി ഒരു ഇടനിലക്കാരനായി മാത്രമാണ് പ്രവർത്തിക്കുത് അതേസമയം യഥാർത്ഥ ഇൻഷ്വറൻസ് സേവനം നൽകുന്നത് സംസ്ഥാന സർക്കാർ വകുപ്പായ കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പാണ്. അതിനാൽ, ഈ സേവനങ്ങളുടെ സ്വീകർത്താക്കൾ വ്യക്തികളാണെന്നും വിതരണക്കാരൻ ഒരു സംസ്ഥാന സർക്കാർ വകുപ്പാണെന്നും തൽഫലമായി, കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാർക്ക് നൽകുന്ന സേവനങ്ങൾ ജി.എസ്.റ്റി ഇളവിന് കീഴിൽ വരുന്നതാണെന്നും സംസ്ഥാന നികുതി കമ്മീഷണർ സൂചന (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

സൂചന (1) പ്രകാരം ജി.പി.എ.ഐ.എസ് പ്രീമിയം തുക അടയ്ക്കുവാനുള്ള നടപടികൾ എല്ലാ ഡ്രോയിങ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാരും കൈക്കൊള്ളേണ്ടതാണ്.

ഷിജിത്ത് വി, എഫ്.സി.എ
ഫിനാൻസ് മാനേജർ & ചീഫ്
അക്കൗണ്ട്സ് ഓഫീസർ

പകർപ്പ്: എല്ലാ ഡി.ഡി.ഒ.മാർ/ സി. ഇ. (എച്ച്.ആർ.ഡി.& ജനറൽ)

ഉള്ളടക്കം:
1. സ.ഉ.(അച്ചടി) നം 143/2025/ധന, തീയതി 10.11.2025
2. സംസ്ഥാന നികുതി കമ്മീഷണറുടെ 05.02.2025 ലെ SGST/674/2025 - PLC11 എന്ന നമ്പർ കത്ത്.

Signed by Shijith V
Date: 19-11-2025 08:10:08

**'ഭരണഭാഷ-മാതൃഭാഷ'**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - ജീവൻരക്ഷാ പദ്ധതി - 2026 വർഷത്തേക്കുള്ള പദ്ധതി പുതുക്കൽ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ(അച്ചടി)നം.143/2025/ധന** **തീയതി,തിരുവനന്തപുരം, 10/11/2025**

പരാമർശം :-
1. സ.ഉ.(പി) നം. 616/2010/ധന തീയതി 23/11/2010
2. സ.ഉ.(പി) നം. 606/2012/ധന തീയതി 03/11/2012
3. സ.ഉ.(പി) നം. 175/2018/ധന തീയതി 12/11/2018
4. സർക്കുലർ നം. 57/2019/ധന തീയതി 30/05/2019
5 സ.ഉ.(പി) നം. 159/2019/ധന തീയതി 18/11/2019
6. സ.ഉ.(പി) നം. 150/2020/ധന തീയതി 05/11/2020
7. സ.ഉ.(പി) നം. 95/2022/ധന തീയതി 26/08/2022
8. സ.ഉ.(പി) നം. 17/2023/ധന തീയതി 22/02/2023
9. സ.ഉ.(പി)നം. 112/2023/ധന തീയതി 18/11/2023
10. സ.ഉ.(പി)നം. 99/2024/ധന തീയതി 19/11/2024
11. ഇൻഷ്വറൻസ് ഡയറക്ടറുടെ 01/09/2025 തീയതിയിലെ ഇൻഷ/എം1/ഇ 834443 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) പരാമർശം (1) ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന 2011 വർഷം നടപ്പിലാക്കിയിട്ടുള്ളതും, പരാമർശം (8) പ്രകാരം ടി പദ്ധതി ജീവൻരക്ഷാ പദ്ധതി എന്നു പുനർനാമകരണം ചെയ്തുകൊണ്ടും, സംസ്ഥാനത്തെ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടെയുള്ള സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/കോളേജ് സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പഞ്ചായത്ത് മുൻസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ ജീവനക്കാർ, മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, എസ്.എൽ.ആർ വിഭാഗം ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനം അനുഷ്ഠിക്കുന്ന നിക്ഷേപ/വായ്പാ പിരിവുകാർ, അപ്രൈസർമാർ, വെറ്ററിനറി സർവകലാശാല ഫാമിലെ സ്ഥിരം ജീവനക്കാർ, മൃഗ സംരക്ഷണ വകുപ്പിന് കീഴിലുള്ള പത്തനംതിട്ട നിരണം ഡക്ക് ഫാമിലെ സ്ഥിരം തൊഴിലാളികൾ എന്നീ ജീവനക്കാർക്കെല്ലാം ബാധകമാക്കിയിട്ടുള്ളതുമാണ്. പരാമർശം (10) പ്രകാരം ജീവൻരക്ഷാ പദ്ധതി 2025 ഡിസംബർ 31 വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. നിലവിലുള്ള ജീവൻരക്ഷാ പദ്ധതിയുടെ കാലാവധി 31/12/2025 ന് അവസാനിക്കുന്ന സാഹചര്യത്തിൽ, ടി പദ്ധതി 01/01/2026 മുതൽ 31/12/2026 വരെ ആവശ്യമായ ഭേദഗതികളോടുകൂടി ദീർഘിപ്പിക്കുന്നതിനും പുതുക്കി നടപ്പാക്കുന്നതിനുമായി പരാമർശം (11) പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01/01/2026-മുതൽ 31/12/2026 വരെയുള്ള 2026-വർഷത്തെ ജീവൻരക്ഷാ പദ്ധതി താഴെപറയുന്ന വ്യവസ്ഥകളോടെയും ഈ വ്യവസ്ഥകൾക്ക് വിധേയമായ മാറ്റങ്ങളോടെ മുൻ വർഷങ്ങളിലെ ഉത്തരവുകളിലെ വ്യവസ്ഥകളോടെയും പുതുക്കി അനുവദിച്ചു ഉത്തരവാകുന്നു.

1. വാർഷിക പ്രീമിയം തുകയായ 1000 രൂപ നിരക്കിൽ, അപകടം മൂലമുള്ള മരണത്തിന്റെ പരിരക്ഷ 15 ലക്ഷം രൂപയും അപകടം അല്ലാതെയുള്ള മരണത്തിന്റെ പരിരക്ഷ 5 ലക്ഷം രൂപയായും തുടരുന്നതാണ്.

2. പേവിഷബാധ, പാമ്പ് കടി, തേനീച്ച, കടന്നൽ പോലുള്ള ക്ഷുദ്രജീവികളുടെ ആക്രമണം, മൃഗങ്ങളുടെ ആക്രമണം, മുങ്ങിമരണം, മറ്റ് കാരണങ്ങളാലുണ്ടാകുന്ന അപകടങ്ങൾ എന്നിവ കൂടി അപകടത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്.

3. നിയമം തെറ്റിച്ചുണ്ടാകുന്ന അപകടങ്ങൾ, ആത്മഹത്യ, ആത്മഹത്യാശ്രമം എന്നിവയിൽ മരണമോ അംഗവൈകല്യമോ സംഭവിക്കുക, സ്വയം പരിക്കേൽപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഉണ്ടാകുന്നവ, മയക്കുമരുന്ന്, മദ്യം എന്നിവയുടെ സ്വാധീനം മൂലമുണ്ടാകുന്ന അപകടങ്ങൾ, റെയിൽവെ, കെ.എസ്.ഇ.ബി എന്നിവയുടെ അധികാരപരിധിയിൽ അതിക്രമിച്ച് കയറുന്നതു മൂലമുള്ള അപകടങ്ങൾ/മരണങ്ങൾ എന്നിവ അപകട ക്ലെയിമിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ല.

4. അപകടമരണത്തിന്റെ പരിധിയിൽ ഉൾപ്പെടാത്തവയെല്ലാം സ്വാഭാവിക മരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി ക്ലെയിം അനുവദിക്കാവുന്നതാണ്.

5. (i) സാധുവായ നോമിനേഷൻ ഇല്ലാത്ത ക്ലെയിമുകളിൽ 5 ലക്ഷം വരെ, തഹസിൽദാർ നൽകുന്ന അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും, 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ക്ലെയിമുകളിൽ അനന്തരാവകാശ സർട്ടിഫിക്കറ്റിന്റെയും 500 രൂപയുടെ ഇൻഡമിനിറ്റി ബോണ്ടിന്റേയും അടിസ്ഥാനത്തിൽ ക്ലെയിം തുക അനുവദിക്കാവുന്നതാണ്.

(ii) നോമിനേഷൻ സംബന്ധിച്ച് തർക്കങ്ങൾ ഉണ്ടാകുന്ന പക്ഷം കോടതിയിൽ നിന്നുള്ള succession certificate ന്റെയും അനുബന്ധ കോടതി വിധികളുടെയും അടിസ്ഥാനത്തിൽ ക്ലെയിം തീർപ്പാക്കാവുന്നതാണ്.

(iii) ക്ലെയിം തുക മൈനർ അവകാശികൾക്ക് അനുവദിക്കുന്ന സാഹചര്യത്തിൽ രക്ഷാകർത്താവിന്റെയും കുട്ടിയുടെയും സംയുക്ത ട്രഷറി അക്കൗണ്ടിൽ കുട്ടിക്ക് പ്രായപൂർത്തിയാകുന്നതുവരെ സ്ഥിരനിക്ഷേപം നടത്തി സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് രക്ഷാകർത്താവ് സൂക്ഷിക്കേണ്ടതാണ്.

6. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്രസേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നീ ജീവനക്കാർ ഒഴികെയുള്ള മറ്റ് ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താതിരിക്കുകയും ഉൾപ്പെടുത്തിയവരുടെ ഇൻഷുറൻസ് പുതുക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ബാദ്ധ്യത ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഉദ്യോഗസ്ഥർ/ സെൽഫ് ഡ്രോയിംഗ് ഉദ്യോഗസ്ഥർ/ചെക്ക് ഇഷ്യൂയിംഗ് ഉദ്യോഗസ്ഥർ/ജീവനക്കാരുടെ ശമ്പളം പിൻവലിക്കാനും നൽകുവാനും അധികാരപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ എന്നിവരുടെ മേൽ വ്യക്തിപരമായി നിക്ഷിപ്തമാണ്. ശമ്പളം ലഭിക്കാത്ത മേൽ പറഞ്ഞ വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർ ഇൻഷുറൻസ് പരിരക്ഷ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ജീവൻരക്ഷാ പ്രീമിയം നിശ്ചിത സമയപരിധിക്കുള്ളിൽ ജീവൻ രക്ഷാപദ്ധതിയുടെ കണക്ക് ശീർഷകത്തിൽ ഇ-ചലാൻ ആയോ ട്രഷറിയിൽ നേരിട്ടോ ഒടുക്കേണ്ടതും ആയതിന്റെ രേഖകൾ ഓഫീസ് മേധാവി/ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഉദ്യോഗസ്ഥർക്ക് സമർപ്പിക്കേണ്ടതും ബന്ധപ്പെട്ട ജീവനക്കാരന്റെ വ്യക്തിപരമായ ഉത്തരവാദിത്വം ആയിരിക്കുന്നതാണ്. ഇങ്ങനെ ലഭിക്കുന്ന പ്രീമിയം അടവ് വിവരങ്ങളും രേഖകളും ക്രമപ്രകാരം ബന്ധപ്പെട്ട ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

7. ജീവനക്കാരുടെ പ്രീമിയം തുക അതാത് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കിഴിവ് നടത്തിയിട്ടും നിശ്ചിത കാലാവധിക്കുള്ളിൽ ട്രഷറിയിൽ ഒടുക്കാതിരിക്കുന്ന സാഹചര്യം ഉണ്ടായാൽ ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ (ഡി.ഡി.ഒ യും ബില്ല് തയ്യാറാക്കി ട്രഷറിയിൽ തുക അടയ്ക്കാൻ ചുമതലപ്പെട്ടവർ) വീഴ്ചയായി കണക്കാക്കി അവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതാണ്.

8. സ്പാർക് മുഖേനയല്ലാതെ, ചെക്ക് /ഡിഡി മുഖാന്തിരം ട്രഷറി മുഖേന പ്രീമിയം ഒടുക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ, ഉത്തരവിൽ പറയുന്ന കാലാവധിക്കുള്ളിൽ നിശ്ചിത ശീർഷകത്തിൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രീമിയം തുക പൂർണ്ണമായും ക്രമപ്രകാരവും ഒടുക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട ഓഫീസ് മേധാവി/ഡി.ഡി.ഒ-യുടെ ഉത്തരവാദിത്വമാണ്.

9. കെ.എസ്.ആർ ഭാഗം 1 അനുബന്ധം XII A (Leave Without Allowances for better Employment), അനുബന്ധം XII C (Leave Without Allowances for joining spouse) പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരിക്കുന്നവർക്ക് പദ്ധതി ബാധകമല്ല.

10.(i) അപകടസമയം മദ്യപിച്ചിട്ടുണ്ടെന്ന് സംശയാസ്പദമായ കേസുകളിൽ രാസപരിശോധനാ റിപ്പോർട്ട് ലഭ്യമാകാത്ത പക്ഷം പോലീസ് ഫൈനൽ റിപ്പോർട്ട്, ബന്ധപ്പെട്ട ആശുപത്രിയിൽ നിന്നുള്ള റിപ്പോർട്ട്, പോസ്റ്റ് മോർട്ടം റിപ്പോർട്ട് എന്നിവയെ അടിസ്ഥാനപ്പെടുത്തി ക്ലെയിം നിരസിക്കാവുന്നതാണ്.

(ii) പേവിഷബാധ, പാമ്പ് കടി, തേനീച്ച, കടന്നൽ പോലുള്ള ക്ഷുദ്രജീവികളുടെ ആക്രമണം, മൃഗങ്ങളുടെ ആക്രമണം എന്നിവയിൽ പോലീസ് രേഖകളായ എഫ്.ഐ.ആർ, മഹസ്സർ എന്നിവ ലഭിക്കാത്ത പക്ഷം ആശുപത്രി രേഖകളുടെ അടിസ്ഥാനത്തിൽ ക്ലെയിം തുക അനുവദിക്കാവുന്നതാണ്.

(iii) മദ്യത്തിന്റെ സ്വാധീനം/നിയമം തെറ്റിച്ചത്/ആത്മഹത്യാശ്രമം എന്നിവ കാരണം അല്ലാതെയുണ്ടാകുന്ന അപകടത്തെതുടർന്ന് കോമാസ്റ്റേജിൽ ആവുകയും കിടപ്പ് രോഗി, വീൽ ചെയറിലാവുക എന്നീ അവസ്ഥകൾക്ക് മാറ്റമില്ലാതെ ദീർഘനാൾ കിടന്ന് മരണപ്പെടുന്ന പക്ഷം പോസ്റ്റ് മോർട്ടം റിപ്പോർട്ട് ലഭ്യമായില്ലെങ്കിൽ കൂടിയും ഡിസ്ചാർജ് സമ്മറി, ട്രീറ്റ്മെന്റ് റെക്കോർഡ്സ്, മെഡിക്കൽ റെക്കോർഡ്സ് എന്നിവയുടെ അടിസ്ഥാനത്തിൽ അപകട ഇൻഷ്വറൻസിനുള്ള ക്ലെയിം അനുവദിക്കാവുന്നതാണ്.

(iv) ആരോഗ്യവകുപ്പ് ഡയറക്ടർ നിയമിച്ച ഒന്നോ അതിൽ കൂടുതലോ അംഗങ്ങൾ ഉൾപ്പെട്ട ജില്ലാ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലായിരിക്കും ഡിസെബിലിറ്റി ക്ലെയിം തുക അനുവദിക്കുന്നത്.

(v) ഡിസെബിലിറ്റി/അംഗഭംഗം സംഭവിക്കുന്ന ക്ലെയിമുകളിൽ ഡിസെബിലിറ്റി ശതമാനം ആകെ ശാരീരികാവസ്ഥ കണക്കാക്കി മെഡിക്കൽ ബോർഡ് അനുവദിച്ച ഡിസെബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ക്ലെയിം തുക അനുവദിക്കുന്നത്.

11. വ്യത്യസ്തമായ അപകടങ്ങളാലോ ഒരേ അപകടത്താലോ ഒന്നിലധികം ക്ലെയിമുകൾ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ അങ്ങനെ അനുവദിക്കാവുന്ന പരമാവധി നഷ്ടപരിഹാര തുക, സ്വാഭാവികമരണത്തിന് ഉൾപ്പെടെ, പദ്ധതിവർഷത്തിൽ പരമാവധി ലഭ്യമാകുന്ന പരിരക്ഷ തുക മാത്രമായിരിക്കും.

12. പരാമർശം (1) ഉത്തരവിലെ പാരാ 2 (c) യിലെ 'കുടുംബം' എന്ന നിർവചനത്തിൽ ii. 'Minor sons' എന്നത് 'Minor children' എന്ന് ഭേദഗതി വരുത്തുന്നു.

13. ജീവൻരക്ഷാ പദ്ധതി അംഗത്വത്തിന് SLI/GIS പദ്ധതികളിലെ അംഗത്വം നിർബന്ധമാണ് എന്ന വ്യവസ്ഥ 2026 പദ്ധതിവർഷം മുതൽ ഒഴിവാക്കുന്നു.

14. പരാമർശം (3) ഉത്തരവിലെ ഖണ്ഡിക iii ചുവടെ ചേർക്കുംവിധം ഭേദഗതി വരുത്തുന്നു. അപകടതീയതി മുതൽ രണ്ടുവർഷ കാലയളവിനുള്ളിൽ അപകടവിവരം റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന കാരണം ഒഴികെ, മറ്റെല്ലാ വ്യവസ്ഥകൾ പ്രകാരവും അപേക്ഷകന് ക്ലെയിമിന് അർഹതയുണ്ടെങ്കിൽ, അപേക്ഷകൻ/നാമനിർദ്ദേശം ചെയ്യപ്പെട്ടയാൾ/ആശ്രിതർ/ചുമതലപ്പെട്ട വ്യക്തികൾ എന്നിവരിൽ ആരെയെങ്കിലും നേരിൽ കേട്ടശേഷം ന്യായയുക്തമായ കാരണങ്ങളാലാണ് അപകടം/മരണം യഥാസമയം റിപ്പോർട്ട് ചെയ്യാത്തതെന്ന് ഇൻഷ്വറൻസ് ഡയറക്ടർക്ക് ബോധ്യപ്പെടുന്ന പക്ഷം, അത്തരം ക്ലെയിമുകൾ ഇൻഷ്വറൻസ് ഡയറക്ടർ തന്നെ തീർപ്പാക്കേണ്ടതും അല്ലാത്തവ നിരസിക്കേണ്ടതുമാണ്. ജീവൻരക്ഷാ ക്ലെയിം നിരസിക്കുന്ന പക്ഷം, ക്ലെയിം നിരസിച്ചുകൊണ്ട് വകുപ്പിൽനിന്നുള്ള അറിയിപ്പ് ലഭിച്ച് 60 ദിവസത്തിനകം അപ്പീൽ അപേക്ഷ സർക്കാരിന് മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

15. 2026 വർഷത്തേയ്ക്കുള്ള പ്രീമിയം 2025 നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ കിഴിവ് നടത്തി 2025 ഡിസംബർ 31 നകം '8011-00-105-89-Group Personal Accident Insurance Scheme" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ശൂന്യവേതനാവധിയിലുള്ളവർ, അന്യത്രസേവനത്തിലുള്ളവർ, സസ്പെൻഷനിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ്പ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റെന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ 2025 ഡിസംബർ 31 നകം സ്വന്തം നിലക്ക് പ്രീമിയം തുക ഡി.ഡി.ഒ മുഖാന്തിരമോ E-treasury സൈറ്റിലൂടെയോ മേൽ ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. നേരിട്ട് തുക ഒടുക്കുന്നവർ ചലാന്റെ ഒരു പകർപ്പ് സ്വയം സൂക്ഷിക്കേണ്ടതും, ഒരു പകർപ്പ് ഡി.ഡി.ഒ മുഖാന്തിരം ഇൻഷ്വറൻസ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. ചലാന്റെ ഒരു പകർപ്പ് ഡി.ഡി.ഒ രേഖാമൂലം ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

16. ജീവൻ രക്ഷ - പരിരക്ഷ ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

| **അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിനുള്ള പരിരക്ഷ ആനുകൂല്യങ്ങൾ** | | |
|---|---|---|
| 1 | 2 കൈ / 2 കാൽ /ഒരു കൈയും ഒരു കാലും / രണ്ട് കണ്ണിന്റെ കാഴ്ച /ഒരു കണ്ണിന്റെ കാഴ്ചയും ഒരു കൈയ്യോ ഒരു കാലോ അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 100%<br>(15 ലക്ഷം) |
| 2 | ഒരു കണ്ണിന്റെ കാഴ്ചയോ /ഒരു കൈയ്യോ /ഒരു കാലോ മാത്രം അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 50% |
| 3 | രണ്ട് ചെവികളുടേയും കേൾവി അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 50% |
| 4 | ഒരു ചെവിയുടെ കേൾവി അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 25% |
| 5 | ഒരു കൈപ്പത്തി /ഒരു കാൽ പാദം അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 40% |
| 6 | **വിരലുകൾ അപകടത്തിൽ നഷ്ടപ്പെട്ടാൽ** | |
| | a)ഒരു കൈയിലെ പെരുവിരൽ ഉൾപ്പെടെ 4 വിരലുകൾ അപകടത്തിൽ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 40% |
| | b)ഒരു കൈയിലെ പെരുവിരൽ ഉൾപ്പെടാതെ 4 വിരലുകൾ നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 35% |
| | c)പെരുവിരലിലെ രണ്ട് ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 25% |
| | d)പെരുവിരലിലെ ഒരു ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 10% |
| | (e) ചൂണ്ടുവിരലിലെ 3 ഭാഗം (phalanges ) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 10% |
| | (f) ചൂണ്ടുവിരലിലെ 2 ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 8% |
| | (g) ചൂണ്ടുവിരലിലെ 1 ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 4% |
| | (h) നടുവിരലിലെ 3 ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 6% |
| | (i) നടുവിരലിലെ 2 ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 4% |

| | | |
|---|---|---|
| | (j) നടുവിരലിലെ 1 ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 2% |
| | (k) മോതിര വിരലിലെ 3 ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 5% |
| | (l) മോതിര വിരലിലെ 2 ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 4% |
| | (m)മോതിര വിരലിലെ 1 ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 2% |
| | (n) ചെറുവിരലിലെ 3 ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 4% |
| | (o) ചെറുവിരലിലെ 2 ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 3% |
| | (p) ചെറുവിരലിലെ 1 ഭാഗം (phalanges) നഷ്ടപ്പെട്ടാൽ | വാഗ്ദത്തതുകയുടെ 2% |
| 7 | കാൽവിരലുകൾ നഷ്ടപ്പെട്ടാൽ | ഒരു വിരലിന് 2% (വാഗ്ദത്തതുകയുടെ പരമാവധി 10%) |
| 8 | അപകടത്തെതുടർന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ ശതമാനാടിസ്ഥാനത്തിലുള്ള അംഗവൈകല്യം (Disability w.r.to whole body) | |
| | a)40%-60% വരെ അംഗവൈകല്യം | വാഗ്ദത്തതുകയുടെ 50% |
| | b)61%-80% വരെ അംഗവൈകല്യം | വാഗ്ദത്തതുകയുടെ 75% |
| | c)81% -100% വരെ അംഗവൈകല്യം | വാഗ്ദത്തതുകയുടെ 100% |
| 9 | സ്ഥിരവും സമ്പൂർണവുമായ അംഗവൈകല്യം<br><br>(പെർമനന്റ് ടോട്ടൽ ഡിസബിലിറ്റി) | വാഗ്ദത്തതുകയുടെ 100% |

17. മുൻ ഖണ്ഡിക ഒന്നിൽ ഉൾപ്പെടാത്ത താഴെ പറയുന്ന വിഭാഗങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

i. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഭിന്നശേഷി സംവരണം പാലിച്ചതിന്റെയും കോടതി വിധികളുടെയും അടിസ്ഥാനത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമന അംഗീകാരം ലഭിച്ചിട്ടുള്ളതും SPARK-ൽ PEN കിട്ടിയിട്ടുള്ളതുമായ ജീവനക്കാരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ii. കൃഷി വകുപ്പിലെ സ്ഥിരം ഫാം തൊഴിലാളികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

iii. ആലപ്പുഴ ജില്ലയിലെ വീയപുരം വിത്തുൽപ്പാദന കേന്ദ്രത്തിലെ സ്ഥിരം തൊഴിലാളികളെ ജീവൻ രക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

18. ജീവൻ രക്ഷാ പദ്ധതി സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വർഷാവർഷം പുതുക്കി പ്രാബല്യത്തിൽ വരുന്ന പദ്ധതി ആകയാൽ ആക്സിഡന്റ് സംഭവിക്കുന്ന ദിവസത്തെ അടിസ്ഥാനമാക്കിയായിരിക്കും പദ്ധതി ആനുകൂല്യത്തിന്റെ തുക നിശ്ചയിക്കുന്നത്.

19. ജി.പി.എ.ഐ.എസ്/ജീവൻരക്ഷാ ക്ലെയിമിനുള്ള അപേക്ഷയിന്മേലുള്ള സർക്കാർ തീരുമാനം അന്തിമമായിരിക്കും.

20. ജി.എസ്.ടി ബാധകമായിട്ടുള്ള സ്ഥാപനങ്ങൾ പ്രീമിയവും ജി.എസ്.ടി തുകയും പ്രത്യേകം നേരിട്ട് ഒടുക്കേണ്ടതാണ്.

21. നവംബർ, ഡിസംബർ മാസങ്ങളിൽ സർവ്വീസിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് അടുത്ത വർഷത്തേയ്ക്കുള്ള പദ്ധതി ബാധകമല്ലാത്തതിനാൽ ജീവൻരക്ഷാപ്രീമിയം ഒടുക്കേണ്ടതില്ല.

22. 01.01.2026 മുതൽ  പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് 2026 വർഷത്തേയ്ക്കുള്ള ജീവൻരക്ഷാ പദ്ധതി ബാധകമല്ല.

23. ജനുവരി 2026 മുതൽ ഡിസംബർ 2026 വരെയുള്ള പദ്ധതി കാലയളവിൽ സർവ്വീസിൽ നിന്നും വിരമിക്കുന്നവർക്ക് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

24. പ്രീമിയം ഒടുക്കേണ്ട അവസാന തീയതിയായ 31.12.2025 ന് ശേഷം സമർപ്പിക്കപ്പെടുന്ന ശമ്പളബില്ലുകളിൽ ജീവൻരക്ഷാ പ്രീമിയം തുക ഒടുക്കുന്നതിനുള്ള സൗകര്യം ഒഴിവാക്കുന്നതിനും ടി തീയതിക്ക് ശേഷം പ്രീമിയം തുക ട്രഷറികളിൽ നേരിട്ടോ/e-treasury site വഴി ഓൺലൈൻ ആയോ പ്രീമിയം സ്വീകരിക്കാതിരിക്കാനുള്ള നടപടികൾ യഥാക്രമം SPARK, ട്രഷറി വകുപ്പ് സ്വീകരിക്കേണ്ടതാണ്.

25. SPARK മുഖേന പ്രീമിയം കിഴിക്കൽ നടത്തിയ ജീവനക്കാരുടെ ക്ലെയിം അപേക്ഷയോടൊപ്പം ഫോറം II കൂടാതെ SPARK ൽ നിന്നും ലഭ്യമാകുന്ന ഡിഡക്ഷൻ സ്റ്റേറ്റ്മെന്റും (കിഴിക്കൽ തീയതി ഉൾപ്പെടെ)  ചലാൻ മുഖാന്തിരം പ്രീമിയം ഒടുക്കിയവരുടെ ഫോറം II നോടൊപ്പം ഫോറം II ലെ ആകെ തുകയ്ക്ക് തുല്യമായ ചലാൻ പകർപ്പ് കൂടി ഹാജരാക്കേണ്ടതാണ്.

26. പോലീസ് രേഖകൾ അപകടം റിപ്പോർട്ട് ചെയ്ത പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ സാക്ഷ്യപ്പെടുത്തിയും മറ്റ് രേഖകൾ ഡ്രോയിംഗ് & ഡിസ്ബേർസിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തിയും സമർപ്പിക്കേണ്ടതാണ്.

27. **(a) ജീവൻ രക്ഷാ അപകട ഇൻഷ്വറൻസ് ക്ലെയിമിന് സമർപ്പിക്കേണ്ട രേഖകൾ**

(1).ജീവൻരക്ഷാ ക്ലെയിം ഫോറം എ
(2)ഫോറം II
(3).അസ്സൽ നോമിനേഷൻ (അസ്സൽ നോമിനേഷൻ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അനന്തരാവകാശസർട്ടിഫിക്കറ്റ്)
(4) മരണസർട്ടിഫിക്കറ്റ്
(5) പോസ്റ്റ് മോർട്ടം റിപ്പോർട്ട്
(6) എഫ്.ഐ.ആർ
(7).സംഭവസ്ഥലമഹസ്സർ
(8) ഇൻക്വസ്റ്റ് റിപ്പോർട്ട്
(9) പോലീസ് ഫൈനൽ റിപ്പോർട്ട്
(10) കെമിക്കൽ അനാലിസിസ് റിപ്പോർട്ട്/ഡയാറ്റം റിപ്പോർട്ട് (സംശയാസ്പദമായ കേസുകളിൽ)

**(b) ജീവൻ രക്ഷാ അപകട ഇൻഷ്വറൻസ് ഡിസെബിലിറ്റി ക്ലെയിമിന് സമർപ്പിക്കേണ്ട രേഖകൾ**
(1).ജീവൻരക്ഷാ ക്ലെയിം ഫോറം എ
(2).പോലീസ് രേഖകൾ
(3). മെഡിക്കൽ രേഖകൾ
(4).ജില്ലാ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ പെർമനന്റ് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ്.
(5).ഫോറം II

**(c) ജീവൻ രക്ഷാ അപകടം മൂലമല്ലാത്ത മരണങ്ങൾക്ക് സമർപ്പിക്കേണ്ട രേഖകൾ**
(1).ജീവൻരക്ഷാ ക്ലെയിം ഫോറം ബി
(2).മരണസർട്ടിഫിക്കറ്റ്
(3).അസ്സൽ നോമിനേഷൻ (അസ്സൽ നോമിനേഷൻ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അനന്തരാവകാശസർട്ടിഫിക്കറ്റ്)
(4)ഫോറം II

28. ജീവൻരക്ഷാ/ജി.പി.എ.ഐ.എസ് പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ മറ്റെല്ലാ വ്യവസ്ഥകളും ഈ ഉത്തരവ് പ്രകാരം വരുത്തിയിരിക്കുന്ന മാറ്റങ്ങൾക്ക് വിധേയമായി തുടരുന്നതാണ്. മേൽ വ്യവസ്ഥകളിൽ എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം 1938-ലെ ഇൻഷ്വറൻസ് ആക്ടിൽ പരാമർശിച്ചിരിക്കുന്ന ചട്ടങ്ങൾ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.എം ജാഫർ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ്:-**

അക്കൗണ്ടന്റ് ജനറൽ (എ&ഇ )കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
എല്ലാ സ്വയം ഭരണ സ്ഥാപനങ്ങളുടെയും മറ്റ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നൽകേണ്ടതാണ്)
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്ക്.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല മണ്ണുത്തി, തൃശ്ശൂർ.
രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ, തിരുവനന്തപുരം. (എല്ലാ സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചാരണം നല്കേണ്ടതാണ്.)
സെക്രട്ടറി, ഓംബുഡ്സ്മാൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ചീഫ് സെക്രട്ടറി
സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെയും, മറ്റ മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
ചെയർമാൻ, ഭരണപരിഷ്കാര കമ്മീഷൻ.
മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ, കേരള, തിരുവനന്തപുരം.
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ.
വെബ്&ന്യൂ മീഡിയ, പബ്ലിക് റിലേഷൻ വകുപ്പ്.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്പാർക്ക്, പി.എം.യു – 1st ഫ്ലോർ, ഡി.പി.സി ബിൽഡിംഗ്, കേരള യൂണിവേഴ്സിറ്റി ക്യാമ്പസ്, പാളയം, തിരുവനന്തപുരം-695034
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.(E.3310152 /എസ്റ്റാ.ഡി3/52/2025/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ **ജീവൻരക്ഷാപദ്ധതി** (ഫോറം നമ്പർ 1 സെക്ഷൻ 9(1)) പ്രകാരമുള്ള നോമിനേഷൻ ഫോം

പേര് (ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ) ______________________________________________ പെൻ/ഐഡി __________

ഉദ്യോഗപ്പേര് ______________________________________________

ഓഫീസിന്റെ പേരും മേൽ വിലാസവും ______________________________________________

______________________________________________

ഞാൻ ______________________________________________ (പേര്, പെൻ, തസ്തിക) ജീവൻരക്ഷാ പദ്ധതി പ്രകാരം ചുവടെ ചേർത്തിരിക്കുന്നവർ മാത്രമാണ് എന്റെ ക്ലെയിം തുകയ്ക്കുള്ള അനന്തരാവകാശികൾ എന്നും ചുവടെ കാണും പ്രകാരമുള്ള വിഹിതത്തിൽ അനന്തരാവകാശികൾക്ക് ക്ലെയിം തുക നൽകാവുന്നതാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

| **നം** | **അവകാശിയുടെ പേര്** | **പ്രായം** | **മേൽ വിലാസം** | **ഇൻഷ്വർ ചെയ്യപ്പെടുന്ന ആളുമായുള്ള ബന്ധം** | **വിഹിതം(%)** | **നാമനിർദ്ദേശം നിഷ്ഫലമാകുന്ന സാഹചര്യം** |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| | | | | | | |

സ്ഥലം :

തീയതി :

ഓഫീസ് മേലധികാരിയുടെ ഒപ്പും സീലും

ജീവനക്കാരൻ/ജീവനക്കാരി

സാക്ഷികൾ: പേര്, മേൽവിലാസം, ഒപ്പ്

ഒപ്പ്

(1)

(2)

Hsslive.in

Office of the Commissioner
State Goods and Services Tax Department
Tax Towers, Karamana P.O,
Email ID : cstpolicy.sgst@kerala.gov.in
Phone No : 0471-2785276
Thiruvananthapuram Date: 05-02-2025

**File No : SGST/674/2025-PLC11**

From
The Commissioner of State Tax

To
The Superintending Engineer
Kerala Water Authority
O/o the Superintending Engineer
Public Health Circle
Thiruvananthapuram - 695033

Sir,

Sub:- SGSTD - GST - Clarification on the applicability of GST on the premium for GPAIS - Reply furnishing Reg -

Ref:- 1. Letter No. KWA/PHC/E1-GEN-2015 dated 27/12/2023 of the Superintending Engineer, Kerala Water Authority

2. E-mail dated 31.12.2024 of the Superintending Engineer, Kerala Water Authority

Kind attention is invited to the references cited. It was requested to clarify the applicability of GST on the Group Personal Accident Insurance Scheme (GPAIS) premium remitted in Kerala State Insurance Department on behalf of the employees of the institution.

The exemption from GST to the services provided by the Government Departments is contained in entry at Sl. No. 6 of Notification No. 12/2017-

Central Tax (Rate) dated 28.06.2017 as follows.

| *Sl. No.* | *Chapter, Section, Heading, Group or Service Code (Tariff)* | *Description of Services* | *Rate (percent)* | *Condition* |
|---|---|---|---|---|
| *6* | *Chapter 99* | Services by the Central Government, State Government, Union territory or local authority excluding the following services — (a) services by the Department of Posts by way of speed post, express parcel post, life insurance, and agency services provided to a person other than the Central Government, State Government, Union territory;<br>(b) services in relation to an aircraft or a vessel, inside or outside the precincts of a port or an airport;<br>(c) transport of goods or passengers; or<br>(d) any service, other than services covered under entries (a) to (c) above, provided to business entities. | *Nil* | *Nil* |

As such, the entry in the said notification generally exempts the services provided by the State Government, Central Government, Union Territory or Local Authority to individuals. However, the following services are excluded from the exemption;

1. services by the Department of Posts and the Ministry of Railways (Indian

Railways);

2. services in relation to an aircraft or a vessel, inside or outside the precincts of a port or an airport;

3. transport of goods or passengers;

4. any service, other than services covered under entries (1) to (4) above, provided to business entities.

It can be observed from the above that, except for the services listed in Sl. No. 1 to 4, which are specifically excluded from exemptions, all other services provided by a Government Department to individuals are exempt from GST.

In this case, it appears that the Kerala Water Authority is acting solely as an intermediary for collecting premium and disbursing benefits to its employees, while the actual insurance service is provided by the Kerala State Insurance Department, a State Government Department. Therefore, it appears that the recipients of these services are the individuals and the supplier is a State Government Department. As a result, it appears that the services provided by the Kerala State Insurance Department to the employees of the Kerala Water Authority may fall under the exemption specified in Sl. No. 6 of Notification No. 12/2017-Central Tax (Rate) dated 28.06.2017.

The information provided above are only for information and does not constitute legal advice or clarification. For a legally binding clarification, an application under Section 97 of the Kerala State Goods and Services Tax Act, 2017 has to filed with the Kerala Advance Ruling Authority electronically in FORM GST ARA-01 through the common portal.
The above note is submitted for your kind information.

Yours faithfully

ABRAHAM RENN S IRS
SPECIAL COMMISSIONER

*-- This document is approved in e-Office on 05-02-2025 and hence does not*

*require to be signed in ink –*

Signed by
Abraham Renn S
Date: 05-02-2025 06:37:07